"ഭരണഭാഷ - മാതൃഭാഷ"

S1/ 1099./2023/DDFS/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം,
തീയതി: 15-02 -2023
mob - 8281098580

## വിജ്ഞാപനം

### റിസേർച്ച് അവാർഡ്(ആസ്പയർ സ്കോളർഷിപ്പ് )2022-23 അപേക്ഷകൾ ക്ഷണിക്കുന്നു.

കേരള സംസ്ഥാന സർവ്വകലാശാലകളോട് ബന്ധപ്പെട്ടിരിക്കുന്ന എല്ലാ ഗവൺമെന്റ്/ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലേയും, യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലേയും സയൻസ്, സോഷ്യൽ സയൻസ്, ഹ്യുമാനിറ്റീസ്, ബിസിനസ് സ്റ്റഡീസ് രണ്ടാം വർഷ ബിരുദാനന്തരബിരുദ, എം.ഫിൽ, പി.എച്ച്.ഡി വിദ്യാർത്ഥികളിൽ നിന്നും 2022-23 അദ്ധ്യയന വർഷത്തേക്കുള്ള റിസേർച്ച് അവാർഡിന് ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് 1 മാസവും, എം.ഫിൽ വിദ്യാർത്ഥികൾക്ക് 2 മാസവും, പി.എച്ച്.ഡി വിദ്യാർത്ഥികൾക്ക് 4 മാസവുമാണ് ഇന്റേൺഷിപ്പിനുള്ള സമയപരിധി.

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in ൽ Research Award എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് 28/02/2023 -ന് മുൻപ് ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**സ.ഉ.(സാധാ) നമ്പർ 86/2023/HEDN തീയതി 17-1-2023 സർക്കാർ ഉത്തരവ് പ്രകാരം 2022-23 അദ്ധ്യയന വർഷം മുതൽ ആസ്പയർ സ്കോളർഷിപ്പ് റിസേർച്ച് അവാർഡ് എന്ന് പുനർ നാമകരണം ചെയ്തിരിക്കുന്നു.**

**1. യോഗ്യതകൾ:**

എ) അപേക്ഷകർ 2022-23 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ, യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകൾ ഇവയിലേതെങ്കിലും രണ്ടാം വർഷ ബിരുദാനന്തരബിരുദം, എം.ഫിൽ, പി.എച്ച്.ഡി വിദ്യാർത്ഥിയായിരിക്കണം.

ബി) അപേക്ഷകർ സർക്കാർ /എയ്ഡഡ് കോഴ്സുകൾക്കു പഠിക്കുന്നവരായിരിക്കണം.

സി) ഒന്നാം വർഷം കുറഞ്ഞത് 75 ശതമാനം (പെൺകുട്ടികൾക്ക് 73 ശതമാനം) ഹാജർനില ഉണ്ടായിരിക്കണം.

ഡി) അടിസ്ഥാന കോഴ്സിന് (ബിരുദം/ബിരുദാനന്തരബിരുദം) 55 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം.

ഇ) IIT, IIM,IISER,NIT ,IISc,JNU,TISS തുടങ്ങിയ ദേശീയ പ്രാധാന്യമുളള സ്ഥാപനങ്ങൾ ഹോസ്റ്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ആയി തിരഞ്ഞെടുക്കുന്നവർക്ക് 55% മാർക്കും 75% ഹാജർ നിലയും നിർബന്ധമല്ല.

**2) സ്കോളർഷിപ്പ് തുക.**

ബിരുദാനന്തരബിരുദം (1 മാസം), എം.ഫിൽ (2 മാസം), പി.എച്ച്.ഡി (4 മാസം) - കേരളത്തിനകത്ത് 8000/- രൂപയും കേരളത്തിന് പുറത്ത് 10,000/- രൂപയും പ്രതിമാസം സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 2 ഗഡുക്കളായി തുക അനുവദിക്കുന്നതാണ്. ആദ്യ ഗഡു ആതിഥേയ സ്ഥാപനത്തിൽ ജോയിൻ ചെയ്ത് ജോയിനിങ്ങ് റിപ്പോർട്ട് അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്കും, അവസാന ഗഡു ഇന്റേൺഷിപ്പ് പൂർത്തിയാക്കി പ്രോജക്ട് റിപ്പോർട്ട്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്കും അനുവദിക്കും. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രോജക്റ്റ്/ഇന്റേൺഷിപ്പ് പൂർത്തിയാക്കിയിരിക്കണം.

**3) ബന്ധപ്പെട്ട മറ്റു വിവരങ്ങൾ :**

1) പ്രോജക്ട്/ഇന്റേൺഷിപ്പ് സ്വന്തം സ്ഥാപനത്തിൽ ചെയ്യുന്നവർക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതല്ല. ആതിഥേയ സ്ഥാപനങ്ങളായി ദേശീയ പ്രാധാന്യമുളള IIT, IIM,IISER,NIT ,IISc,JNU,TISS തുടങ്ങിയവയോ, സംസ്ഥാനത്തിലെ NAAC 'A' ഗ്രേഡ് ലഭിച്ച കോളേജുകളോ തെരഞ്ഞെടുക്കേണ്ടതാണ്.

2). വിദ്യാർത്ഥികൾ ജോയിനിങ്ങ് റിപ്പോർട്ട്, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ സ്കോളർഷിപ്പ് സൈറ്റിലെ നിർദ്ദിഷ്ട മാതൃകയിൽ സമർപ്പിക്കേണ്ടതാണ്.

3). പ്രോജക്ട് റിപ്പോർട്ട്, ഗവേഷണ വിഷയവുമായി ബന്ധപ്പെട്ട 2 പേജിൽ കവിയാത്ത ഗവേഷണസംഗ്രഹം (Synopsis) എന്നിവ ഗൈഡിന്റെയും മാതൃ സ്ഥാപനത്തിലെ സെലക്ഷൻ കമ്മിറ്റിയുടെയും അംഗീകാരത്തോടെ (മേലൊപ്പ്) അപ്‌ലോഡ് ചെയ്യേണ്ടതാണ്.

4).പി.ജി., എം.ഫിൽ,പി.എച്ച്.ഡി. കോഴ്സ് പൂർത്തീകരണത്തിനുളള **DISSERTATION WORK** അംഗീകരിക്കുന്നതല്ല.

5)നിലവിൽ പഠിക്കുന്ന സ്ഥാപനത്തിൽ നിന്നും ആതിഥേയ സ്ഥാപനത്തിൽ നിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) വാങ്ങി അപ്‌ലോഡ് ചെയ്തിരിക്കണം.

6) പ്രോജക്റ്റ്/ഇന്റേൺഷിപ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിലെ (Host Institution) റിസർച്ച് ഗൈഡ് ആയി യൂണിവേഴ്സിറ്റി അംഗീകരിച്ച അദ്ധ്യാപകനിൽ നിന്നും ലഭിച്ച അനുമതിപത്രം(consent letter) , സ്ഥാപനത്തിന്റെ facility certificate എന്നിവ അപ്‌ലോഡ് ചെയ്തിരിക്കണം.

7. ഒരു കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥിക്ക് (PG, Mphil, Ph.D) ആ കോഴ്സ് പൂർത്തിയാക്കുന്ന കാലയളവിൽ ഒരു തവണ മാത്രമേ റിസേർച്ച് അവാർഡിന് അർഹതയുള്ളൂ.

8. ഓരോ കോളേജിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലും പ്രിൻസിപ്പാൾ, എച്ച്.ഒ.ഡി. , സ്കോളർഷിപ്പ് നോഡൽ ഓഫീസർ ഉൾപ്പെട്ട ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് മൂല്യവത്തും അക്കാദമിക് പ്രാധാന്യവുമേറിയ സിനോപ്സിസ്(.പി.ജി., എം.ഫിൽ,പി.എച്ച്.ഡി. കോഴ്സ് പൂർത്തീകരണത്തിനുള്ള DISSERTATION WORK ഒഴിവാക്കി) സമർപ്പിക്കുന്ന ഉന്നത നിലവാരം പുലർത്തുന്ന വിദ്യാർത്ഥികളെ മാത്രം റിസേർച്ച് അവാർഡിനായി തിരെഞ്ഞെടുക്കേണ്ടതാണ്.

9. അപേക്ഷകരുടെ ബാഹുല്യത്തിനും അലോട്ട്മെന്റ് ലഭ്യതയ്ക്കും ആനുപാതികമായി സ്കോളർഷിപ്പ് നിജപ്പെടുത്തുന്നതിന് അക്കാദമിക മെരിറ്റിന്റെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിക്കുന്നതാണ്.

***മേൽപ്പറഞ്ഞവ പാലിക്കാത്ത അപേക്ഷകൾ അംഗീകരിക്കുന്നതല്ല.***

10) അപേക്ഷകർക്ക് ഐ.എഫ്.എസ്.സി. കോഡുള്ള നാഷണലൈസ്ഡ്/ഷെഡ്യൂൾഡ്/ കൊമേഴ്സ്യൽ എന്നിവയിൽ ഏതെങ്കിലും ഒരു ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ അക്കൗണ്ട് ലൈവ് ആയിരിക്കേണ്ടതുമാണ്.

11) ആധാർ നമ്പർ/ആധാർ എൻറോൾമെന്റ് നമ്പർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്തിരിക്കണം.

12) സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിദഗ്ദ്ധരടങ്ങിയ പാനൽ പരിശോധിച്ച് അർഹരായവരുടെ സെലക്ട് ലിസ്റ്റ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (www.dcescholarship.kerala.gov.in) പ്രസിദ്ധീകരിക്കുകയും, അർഹരായവരെയും സ്ഥാപനങ്ങളെയും ഇ-മെയിലിലൂടെയും എസ്.എം.എസിലൂടെയും അറിയിക്കുകയും ചെയ്യും. മാതൃസ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത് ആതിഥേയ സ്ഥാപനത്തിൽ പ്രവേശനം നേടിയശേഷം ലഭിക്കുന്ന joining report അപ്ലോഡ് ചെയ്യുന്ന മുറയ്ക്ക് സ്കോളർഷിപ്പ് ഒന്നാം ഗഡു അർഹരായവർക്ക് ബാങ്ക് വഴി അനുവദിക്കും.

13) സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ ആതിഥേയ സ്ഥാപനത്തിൽ (host institution) പ്രവേശനം നേടിയ ശേഷം നിശ്ചിത സമയത്തിനുള്ളിൽ പ്രോജക്ട്/ഇന്റേൺഷിപ്പ് പൂർത്തിയാക്കിയില്ലെങ്കിൽ അനുവദിച്ചു നൽകുന്ന തുക ബാങ്ക് പലിശ ഉൾപ്പെടെ തിരിച്ചടയ്ക്കേണ്ടതാണ്.

14) തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനുള്ളിൽ പ്രോജക്റ്റ്/ഇന്റേൺഷിപ്പ് പൂർത്തിയാക്കി കംപ്ലീഷൻ സർട്ടിഫിക്കറ്റും പ്രോജക്റ്റ് റിപ്പോർട്ടും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

15) യൂണിവേഴ്സിറ്റികളിലേയും കോളേജുകളിലേയും മേലധികാരികൾ **റിസേർച്ച് അവാർഡിനെ** സംബന്ധിച്ചുള്ള വിശദാംശങ്ങൾ തങ്ങളുടെ സ്ഥാപനത്തിനു കീഴിലെ വകുപ്പുകളെ യഥാസമയം അറിയിക്കേണ്ടതും സാങ്കേതിക സഹായം നൽകേണ്ടതുമാണ്.

**4) അപേക്ഷിക്കേണ്ട രീതി :**

(എ) അപേക്ഷകൾ ഓൺലൈനായി **28/02/2023**-ാം തീയതിക്ക് മുൻപായി സമർപ്പിക്കാവുന്നതാണ്. ഇതിനായി

1) www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ Aspire (ASPR) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2) Apply online- ൽ ക്ലിക്ക് ചെയ്യുക. രജിസ്ട്രേഷൻ ഐ.ഡി കിട്ടിയ ശേഷം അപേക്ഷ പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക. പ്രോജക്റ്റ്/ഇന്റേൺഷിപ്പ് ചെയ്യുന്ന സ്ഥാപനം സെലക്ട് ചെയ്ത് സബ്മിറ്റ് ചെയ്യുമ്പോൾ പേഴ്സണൽ രജിസ്ട്രേഷൻ ആയിക്കഴിഞ്ഞു.

3) തുടർന്ന് സ്കോളർഷിപ്പ് അപ്ലൈഡ് വിൻഡോ ആക്ടീവ് ആകും ശേഷം (ASPR) ക്ലിക്ക് ചെയ്ത് പ്രോജക്ട് വിവരങ്ങൾ കൊടുത്ത് സബ്മിറ്റ് ചെയ്താൽ **റിസേർച്ച് അവാർഡ്** ആപ്ലിക്കേഷൻ പൂർത്തിയായി.

4) അല്ലെങ്കിൽ Online registration-ൽ ക്ലിക്ക് ചെയ്ത് മുകളിൽ പറഞ്ഞപോലെ വിവരങ്ങൾ കൊടുത്ത് submit ചെയ്യുക.

5) നൽകിയ വിവരങ്ങൾ ശരിയെങ്കിൽ വീണ്ടും submit ക്ലിക്ക് ചെയ്യുക.

(ബി) Online-ലൂടെ അപേക്ഷ നൽകിയതിനുശേഷം View / Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.

1. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് ഭാഗം 3 ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന മാതൃസ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

2. വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും , രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപന മേധാവിയോ (പ്രിൻസിപ്പാളോ/നോഡൽ ഓഫീസറോ / യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധി

ക്കേണ്ടതും (വെരിഫിക്കേഷൻ ) സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി (പ്രിൻസിപ്പാൾ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികൾ) ഓൺലൈൻ വഴി അംഗീകരിക്കുകയും **(അപ്രൂവൽ)** വേണം.

4. ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകളുടെ ഹാർഡ്കോപ്പി അതാതു സ്ഥാപനങ്ങളിൽതന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനയ്ക്ക് ഇവ വിധേയമാക്കുന്നതാണ്.

**5) സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട രേഖകൾ:**

1. അപേക്ഷകരുടെ പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റൗട്ട്.
2. യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരി പകർപ്പ്.
3. എസ്.എസ്.എൽ.സി. ഒന്നാം പേജ്, മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. പ്രോജക്റ്റ്/ഇന്റേൺഷിപ്പ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ച അനുമതിപത്രം (Consent Letter from Guide)
5. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ് , ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം.)

**6) സ്ഥാപന മേധാവി (പ്രിൻസിപ്പാൾ/ യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികൾ) കളുടെ ശ്രദ്ധയ്ക്ക്**

എ) Students Online Registration ൽ നം.5 (Details of Present Institution and Course) ൽ സ്ഥാപനത്തിൽ നടത്തുന്ന course Type ഉം Course ഉം സ്ഥാപനമേധാവികൾ പരിശോധിക്കേണ്ടതും, ഏതെങ്കിലും Course(eg:PG,MPhil, Ph.D) വിട്ടുപോയിട്ടുണ്ടെങ്കിൽ അവ Institution Login ൽ പ്രവേശിച്ച് സ്ഥാപനമേധാവികൾ ഉൾപ്പെടുത്തേണ്ടതുമാണ്.

ബി) വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും, രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപനമേധാവിയോ, അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ 02-03-2023 തീയതിക്കുള്ളിൽ പരിശോധിക്കുകയും **(വെരിഫിക്കേഷൻ)** ഓൺലൈൻ വഴി അംഗീകരിക്കേണ്ടതുമാണ്. **(അപ്രൂവൽ)**

സി) **വെബ്സൈറ്റിലെ അവസാന ദിവസങ്ങളിലെ തിരക്കുകൾ ഒഴിവാക്കാനായി ലഭിക്കുന്ന അപേക്ഷകളിൻമേൽ സ്ഥാപന മേധാവികൾ കാലതാമസം വരുത്താതെ വെരിഫിക്കേഷനും അപ്രൂവലും നടത്തേണ്ടതാണ്.**

ഡി) എല്ലാ രേഖകളുടെയും നിജസ്ഥിതി അസ്സലുമായി ഒത്തുനോക്കി സ്ഥാപനമേധാവി (പ്രിൻസിപ്പാൾ/യൂണിവേഴ്സിറ്റി വകുപ്പുമേധാവി) ഉറപ്പുവരുത്തേണ്ടതാണ്.

ഇ) ഭാഗം 3 അനുസരിച്ച് വിദ്യാർത്ഥികൾ രേഖപ്പെടുത്തിയ ബാങ്ക് അക്കൗണ്ട് സംബന്ധമായ രേഖകൾ ശരിയാണോ എന്ന് പരിശോധിച്ച് സ്ഥാപനമേധാവി ഉറപ്പു വരുത്തേണ്ടതാണ്.

എഫ്) അപേക്ഷകൾ നൽകി, വെരിഫിക്കേഷൻ, അപ്രൂവൽ നടത്തിയ വിദ്യാർത്ഥികൾക്ക് 75 ശതമാനം ഹാജർനില ഉണ്ടെന്നുള്ള സർട്ടിഫിക്കറ്റ് കൂടി അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതാണ്.


## 7) അവസാന തീയതികൾ :

**1) ഓൺലൈൻ അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാനതീയതി: 28-02-2023**

**2) ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൗട്ടും അനുബന്ധ രേഖകളും അപേക്ഷകർ സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി: - 28-02-2023**

**3) സ്ഥാപനമേധാവി സൂക്ഷ്മ പരിശോധന നടത്തി ഓൺലൈൻ ആയി അപ്രൂവൽ നൽകേണ്ട അവസാന തീയതി: - 02-03-2023**

**അപേക്ഷകൾ സ്ഥാപനമേധാവികൾ സമയബന്ധിതമായി വെരിഫൈ ചെയ്ത് അപ്രൂവ് ചെയ്യാത്തത്മൂലം അർഹതയുള്ളവർക്ക് ടി സ്കോളർഷിപ്പ് ലഭിക്കാതെ വന്നാൽ അതിന്റെ ഉത്തരവാദിത്തം പൂർണ്ണമായും സ്ഥാപനമേധാവികൾക്ക് മാത്രമായിരിക്കും.**



**കോളേജ് വിദ്യാഭ്യാസ ഡയറക്ടർ**